# കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
**തിരുവനന്തപുരം**

## ഏഴാംതരം തുല്യതാപരീക്ഷ (17 – ാം ബാച്ച്) 2024
**ചോദ്യപേപ്പർ**

# മലയാളം

**സമയം: 2 മണിക്കൂർ** **ആകെ മാർക്ക്: 100**

---

**പൊതുനിർദേശങ്ങൾ**

1. ആദ്യത്തെ 10 മിനിറ്റ് എല്ലാ ചോദ്യങ്ങളും നന്നായി വായിച്ച് മനസ്സിലാക്കുക.
2. ചോദ്യനിർദേശങ്ങൾക്കനുസരിച്ച് ഉത്തരമെഴുതുക.
3. ഉത്തരമെഴുതുമ്പോൾ സ്കോറും സമയവും പരിഗണിക്കണം.
4. ചോദ്യനമ്പർ തെറ്റാതെ ഉത്തരമെഴുതുക.

---

1 മുതൽ 5 വരെയുള്ള ചോദ്യങ്ങൾക്ക് ഒരു മാർക്കുവീതം. 5×1 = 5
(ശരിയായ ഉത്തരം ബ്രായ്ക്കറ്റിൽനിന്ന് തെരഞ്ഞെടുത്തെഴുതുക.)

1. യജ്ഞം എന്ന വാക്കിന്റെ അർഥമെന്ത്?
   (യാഗം, പ്രവൃത്തി, പരിശ്രമം)
2. കേരളം സമ്പൂർണ്ണ സാക്ഷരത നേടിയെന്ന് പ്രഖ്യാപിച്ച വ്യക്തി ആര്?
   (പി എൻ പണിക്കർ, ചേലക്കോടൻ ആയിഷുമ്മ, കെ കേളപ്പൻ)
3. ജോസഫ് മുണ്ടശ്ശേരിയുടെ ആത്മകഥയുടെ പേരെന്ത്?
   (മാറ്റൊലി, കണ്ണീരും കിനാവും, കൊഴിഞ്ഞഇലകൾ)
4. 'ദുരവസ്ഥ' എന്ന കൃതി ഏത് സാഹിത്യവിഭാഗത്തിൽപ്പെടുന്നു?
   (മഹാകാവ്യം, ഖണ്ഡകാവ്യം, ഗീതകം)
5. വിണ്ടലം എന്ന പദം പിരിച്ചെഴുതുന്നത് എങ്ങനെ?
   (വിൺ+തലം, വിണ്ട്+തലം, വിണ്ണ്+തലം)

ചുവടെ കൊടുത്തിരിക്കുന്ന കൃതികളുടെ രചയിതാക്കൾ ആരെന്ന് പട്ടികയിൽനിന്ന് കണ്ടെത്തി എഴുതുക.
5×1 = 5

6. കൊന്തയിൽനിന്ന് കുരിശിലേക്ക്
7. വീണപൂവ്
8. ഇന്ത്യയെ കണ്ടെത്തൽ
9. സാഹിത്യമഞ്ജരി
10. ഭഗ്നഭവനം

വള്ളത്തോൾ നാരായണമേനോൻ
കുമാരനാശാൻ
എൻ കൃഷ്ണപിള്ള
ജവാഹർലാൽ നെഹ്റു
ജോസഫ് മുണ്ടശ്ശേരി
മാധവിക്കുട്ടി

11 മുതൽ 20 വരെയുള്ള ചോദ്യങ്ങൾക്ക് രണ്ട് മാർക്കുവീതം. 10×2 = 20

11. അടിവരയിട്ടിരിക്കുന്ന പദം ഉപയോഗിച്ച് മറ്റൊരു വാക്യം എഴുതുക.

എ) കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ കുട്ടിക്കാലത്തുതന്നെ ഏറ്റെടുക്കേണ്ടിവന്ന പലരുമുണ്ട്.

ബി) നന്നായി പഠിക്കാത്ത പലർക്കും പരീക്ഷ ആശങ്ക ഉണ്ടാക്കും.

12. അടിവരയിട്ടിരിക്കുന്ന പദത്തിന്റെ വിപരീതപദം കൊണ്ട് പൂരിപ്പിക്കുക.

എ) സ്വാർഥത്തിനുവേണ്ടി പ്രവർത്തിക്കാതെ ———— മായ സേവനം നടത്തുന്നവരാകണം ജനപ്രതിനിധികൾ.

ബി) ധീരന്മാർ ഒരു തവണയേ മരിക്കൂ, ———— പല തവണയും.

13. പദം പിരിച്ചെഴുതുക.

എ) അത്യുച്ചം

ബി) സ്ഥിരോത്സാഹി

14. അർഥവ്യത്യാസം എഴുതുക?

നൂനം, ന്യൂനം

15. പദം വിശദീകരിക്കുക

ഉദാ. കാട്ടുപക്ഷി - കാട്ടിലെ പക്ഷി

ആഹ്ലാദത്തേൻ -

16. പ്രയോഗഭംഗി വ്യക്തമാക്കുക

പിന്നെയും 'ഇടവഴികൾ ഞങ്ങളെ വിഴുങ്ങി'

17. യുദ്ധത്തിനെതിരെ പ്രതികരിക്കുന്ന രണ്ട് മുദ്രാവാക്യങ്ങൾ എഴുതുക.

18. അടിവരയിട്ടിരിക്കുന്ന ശൈലിയുടെ ആശയം എഴുതുക.

ആ പരീക്ഷ പാസായാൽപ്പിന്നെ ഏട്കെട്ടി വീട്ടിലിരിക്കാം.

19. പഴഞ്ചൊല്ല് വ്യാഖ്യാനിക്കുക

കൃഷിയുമായി ബന്ധപ്പെട്ട ഒരു പഴഞ്ചൊല്ലെഴുതി അതിന്റെ പൊരുൾ വ്യാഖ്യാനിക്കുക.

20. ഒറ്റ വാക്യമാക്കുക

എത്ര തുണികൾ അലക്കിക്കഴിഞ്ഞു. എത്ര ഊണുകൾ ഉണ്ടാക്കി; ഊട്ടി. എത്ര തവണ ഉറക്കമൊഴിച്ചിരുന്ന് കുട്ടികളെ ശുശ്രൂഷിച്ചു.

21 മുതൽ 30 വരെയുള്ള ചോദ്യങ്ങൾക്ക് 5 മാർക്കുവീതം 10×5 = 50

21. നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഒരു നാടൻപാട്ടിന്റെ നാലുവരി എഴുതി ഇഷ്ടപ്പെടാനുള്ള കാരണം വ്യക്തമാക്കുക.

22. കർഷകോത്തമ അവാർഡുനേടിയ ഗോപിയേട്ടനെ അഭിനന്ദിച്ചുകൊണ്ട് ഒരു കത്തെഴുതുക.

23. കേരളത്തിന്റെ ആദ്യത്തെ വിദ്യാഭ്യാസമന്ത്രിയായിരുന്ന ജോസഫ് മുണ്ടശ്ശേരിക്ക് വിദ്യാഭ്യാസം നേടാൻ നേരിടേണ്ടിവന്ന പ്രതിബന്ധങ്ങൾ വായിച്ചല്ലോ. ഇപ്പോൾ കേരളത്തിൽ അത്തരമൊരവസ്ഥയുണ്ടോ? എന്തൊക്കെയാണ് നമ്മുടെ വിദ്യാഭ്യാസസൗകര്യങ്ങൾ? വിവരിക്കുക.

24. കേരളത്തിന്റെ സാമൂഹികരംഗത്ത് കുമാരനാശാന്റെ കാവ്യങ്ങൾ ചെലുത്തിയ സ്വാധീനം വ്യക്തമാക്കുന്ന കുറിപ്പ് എഴുതുക.

25. ടി.എസ്. തിരുമുമ്പിന്റെ ഭാര്യ കാർത്ത്യായനിക്കുട്ടിയമ്മ ഒരു മഹിളാപ്രവർത്തകയായതെങ്ങനെ എന്നത് വായിച്ചല്ലോ. സാമൂഹികപ്രവർത്തനരംഗത്ത് സ്ത്രീകൾ ഇന്നും ഒരു ന്യൂനപക്ഷമല്ലേ? എന്താണ് നിങ്ങളുടെ അഭിപ്രായം? പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

26. വരികൾ വ്യാഖ്യാനിക്കുക

ശസ്ത്രമെന്നിയേ ധർമ്മസംഗരം നടത്തുന്നോൻ,
പുസ്തകമെന്യേ പുണ്യാധ്യാപനം പുലർത്തുന്നോൻ,
ഔഷധമെന്യേ രോഗം ശമിപ്പിപ്പവൻ, ഹിംസാ-
ദോഷമെന്നിയേ യജ്ഞം ചെയ്‌വവനെന്നാചാര്യൻ.

27. പാടുപെട്ടുണ്ടാക്കിയ പുഞ്ചിരിയോടാവൃദ്ധൻ
ചോടുമാറ്റിക്കൊണ്ടേറെബ്ഭംഗിയിലേവം ചൊല്ലീ:
"വഴിതെറ്റുന്നൂ വയസ്സാവുമ്പോൾ, അങ്ങേ വീട്ടിൽ-
ക്കയറേണ്ടതാ"ണയാളിറങ്ങീ കൂനിക്കൂനി.

അങ്ങേ വീട്ടിലേക്ക് എന്ന കവിതയിലെ ഈ വൃദ്ധന്റെ ജീവിതാവസ്ഥയും സ്വഭാവ സവിശേഷതകളും വിശദീകരിക്കുക.

28. വാർധക്യത്തിൽ ഏകാകികളായിത്തീരുന്ന അമ്മമാരുടെ പ്രതിനിധിയാണോ മാധവിക്കുട്ടി അവതരിപ്പിക്കുന്ന അമ്മ - കുറിപ്പ് തയ്യാറാക്കുക.

29. നിവേദനം തയ്യാറാക്കുക

റോഡുവികസനത്തിന്റെ ഭാഗമായി അനേകം മരങ്ങൾ മുറിച്ചുനീക്കുന്നു. അനേകം ജീവികളുടെ ആവാസവ്യവസ്ഥയാണ് തകരുന്നത്. വൃക്ഷങ്ങൾ വെട്ടിമാറ്റുന്നതിനുപകരം ഇളക്കിമാറ്റി സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്ന നിവേദനം തയ്യാറാക്കുക.

30. ജീവൻ വിലപ്പെട്ടതാണ്. ഏത് വിഷമപ്രശ്നവും പരിഹരിക്കാൻ കഴിയുന്നതേയുള്ളൂ. ഇക്കാര്യങ്ങൾ വിശദീകരിച്ചുകൊണ്ട് സുഹൃത്തിനുള്ള കത്ത് തയ്യാറാക്കുക. ('നാശം നേരിട്ടാലും ആശ കൈവിടരുത്' എന്ന ലേഖനത്തിലെ ആശയങ്ങൾ കൂടി ഉൾച്ചേർക്കണം)

31 മുതൽ 33 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. $2 \times 10 = 20$

31. നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഒരു ടെലിവിഷൻ പരിപാടിയെക്കുറിച്ച് വിവരിക്കുക. പരിപാടിക്കിടയിൽ വരുന്ന പരസ്യങ്ങളും നിങ്ങളെ സ്വാധീനിക്കാറുണ്ടോ? വിശദീകരിക്കുക.
32. സ്വാതന്ത്ര്യദിനത്തിൽ നിങ്ങളുടെ പഠനകേന്ദ്രത്തിൽ അവതരിപ്പിക്കാനുള്ള പ്രസംഗം തയ്യാറാക്കുക.
33. പടയാളികൾ എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.
    - കാവ്യത്തിലെ പ്രമേയം
    - ആവിഷ്കരണത്തിന്റെ ഭംഗി
    - കാവ്യപ്രയോഗങ്ങൾ
    - ആനുകാലികപ്രസക്തി എന്നിവയൊക്കെ പരിഗണിക്കണം.